KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No: 12404 15/03/2021

<u>സർക്കുലർ നമ്പർ **18/2021 (BD)**</u>

വിഷയം:കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള മാറ്റങ്ങളും അക്കൗണ്ടിംഗ് നടപടികളും സംബന്ധിച്ച്.

സൂചന: 1. സർക്കുലർ നമ്പർ 43/2020 (BD) dt. 07/07/2020.

2. സർക്കുലർ നമ്പർ 59/2020 (BD) dt. 14/09/2020.

3. സർക്കുലർ നമ്പർ 16/2021 (BD) dt. 25/02/2021.

4. 06/02/2021 തീയതിയിലെ GO (MS) No. 6/2021/ITD.

5. 09/02/2021 തീയതിയിലെ GO (MS) No. 9/2021/Taxes.

6. ബഹു.ധനകാര്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-02-2021 ൽ തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ വെച്ച് നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

സൂചന (1),(2) പ്രകാരം കുടുംബശ്രീ അംഗങ്ങളുടെ കുട്ടികളുടെ ഓൺലൈൻ വിദ്യാഭ്യാസത്തിനായി ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി 'കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിരുന്നുവല്ലോ. തുടർന്ന് സൂചന (4) സർക്കാർ ഉത്തരവ് പ്രകാരം 14990/- രൂപ മുതൽ 18000/- രൂപ വരെ വിലയുള്ള നാല് കമ്പനികളുടെ ലാപ്ടോപ്പ് തെരെഞ്ഞെടുക്കുവാനുള്ള അവസരം കുടുംബശ്രീ അംഗങ്ങൾക്കു ലഭ്യമായിട്ടുണ്ട്. കമ്പനികളുടെ പേര് വിവരവും ലാപ്ടോപ്പ് സ്പെസിഫിക്കേഷനും, വിലവിവരവും താഴെ പറയും പ്രകാരമാണ്.

| Laptop Brand | Coconics | Acer | HP | Lenovo |
|---|---|---|---|---|
| Model | **CNBIC-EANI** | **Acer TravelMate B311-31** | **HP 245 G8** | **Lenovo E41-55** |
| Price (Inclusive of all taxes) | **14,990*** | **17,883*** | **17,990*** | **18,000*** |
| Processor | 1. Intel(R) Celeron(R) N4000 CPU<br>2. L2cache: 1MB,L3 cache:4MB,<br>3. 2 core 2 thread,<br>4. lithography: 14nm | 1. Intel(R) Celeron(R) N4020 CPU<br>2. L2cache: 1MB,L3 cache:4MB,<br>3. 2 core 2 thread,<br>4. lithography: 14nm | 1. AMD 3020e with Radeon Graphics CPU<br>2. L2cache: 1MB,L3 cache:4MB,<br>3. 2 core 2 thread,<br>4. lithography: 14nm | 1.AMD Athlon 3045b with Radeon Graphics CPU<br>2. cache:4MB,<br>3. 2 core 2 thread,<br>4. lithography: 14nm |
| Clock Speed | 1.10 GHz | 1.10 GHz | 1.2 GHz | 2.3 GHz |
| Memory | 4GB DDR4 SDRAM | 4GB DDR4 SDRAM | 4GB DDR4 SDRAM | 4GB DDR4 SDRAM |
| Storage | 128 GB SSD | 128 GB SSD | 128 GB SSD | 128 GB SSD |
| Screen Size | **11.6** inch | **11.6** inch (Anti glare display) | **14** inch (Anti glare display) | **14** inch (Anti glare display) |
| Screen Resolution | 1366 x768 | 1366 x768 | 1366 x768 | 1366 x768 |
| Interface | USB 2.0 X1, USB3.0X1 & Type c Interfaces | USB3.0 X 2 & Type c Interfaces | USB3.0 X 2 & Type c Interfaces | USB 2.0 X1, USB3.0X1 & Type c Interfaces |
| Accessories | Webcam, Micro SD card reader, mini HDMI port | Webcam, Micro SD card reader, mini HDMI port | Webcam, Micro SD card reader ,mini HDMI port | Webcam, Micro SD card reader mini HDMI port |
| Warranty | 3 yrs including Battery and Charger | 3 yrs including Battery and Charger | 3 yrs including Battery and Charger | 3 yrs including Battery and Charger |
| Carry bag/pouch | No | No | No | No |
| OS | Linux 18.04 of KITE GNU/ Linux Lite | Linux 18.04 of KITE GNU/ Linux Lite | Linux 18.04 of KITE GNU/Linux Lite | Linux 18.04 of KITE GNU/ Linux Lite |

*Price validity upto 31/03/2021.

ആയതിനാൽ സൂചന (4),(5) സർക്കാർ ഉത്തരവുകൾ പ്രകാരം പദ്ധതിയിൽ താഴെ പറയുന്ന മാറ്റങ്ങൾ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സൂചനയിലെ സർക്കുലറുകളിലെ പദ്ധതിയുമായി ബന്ധപ്പെട്ട സവിശേഷതകളും നിബന്ധനകളും ഉൾപ്പെടുത്തി പൊതുവായുള്ള നിർദ്ദേശങ്ങൾ ഇതോടൊപ്പം അറിയിക്കുന്നു

1. കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്കു ഓൺലൈൻ വിദ്യാഭ്യാസത്തിനു വേണ്ടി ലാപ്‌ടോപ് നൽകുന്നതിനായി കുടുംബശ്രീ മിഷനുമായി ചേർന്ന് കുടുംബശ്രീ അയൽക്കൂട്ടം അംഗങ്ങളെ ഉൾപ്പെടുത്തി കെ.എസ്.എഫ്.ഇ നടത്തുന്ന പദ്ധതിയാണിത്.

2. ഈ പദ്ധതിയിൽ Coconics, Acer, HP, Lenovo എന്നീ നാലു കമ്പനികളുടെ 14990 രൂപ മുതൽ 18000 രൂപ വരെ വിലയുള്ള ലാപ്ടോപ്പ് മോഡലുകളിൽ നിന്നും ഗുണഭോക്താക്കൾക്ക് ഇഷ്ടമുള്ള ബ്രാൻഡ് തെരഞ്ഞെടുക്കുവാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. 15000 രൂപ അടങ്കൽ തുകയും 30 മാസം കാലാവധിയുമുള്ള ഈ പദ്ധതിയിൽ 500 രൂപ പ്രതിമാസ തവണ സംഖ്യ അടക്കേണ്ടതും മൂന്നു തവണ അടച്ച കഴിഞ്ഞാൽ ആവശ്യമുള്ളവർക്കു ലാപ്ടോപ് ലഭ്യമാകുന്നതുമാണ്. മേൽ കമ്പനികളുടെ ലാപ്‌ടോപ്പിന്റെ വിലയുടെ കാലാവധി (Price Validity ) 2021 മാർച്ച് 31 വരെ ആയതിനാൽ എല്ലാ മേഖലാ ഓഫീസുകളും മേൽ സമയ പരിധിക്കുള്ളിൽ തന്നെ പരമാവധി പർച്ചേയ്സ് ഓർഡറുകൾ OEM നു നൽകേണ്ടതാണ്. അതിനു ശേഷം വിലയിൽ വ്യത്യാസം വരികയാണെങ്കിൽ ഇത് സംബന്ധിച്ച് പിന്നീട് നിർദ്ദേശം നൽകുന്നതാണ്.

3. 14990 രൂപയിൽ അധികം വിലയുള്ള ലാപ്ടോപ്പാണ് വാങ്ങുന്നതെങ്കിൽ അധികം വരുന്ന തുക ഗുണഭോക്താവ് അടക്കേണ്ടതാണ്. ഇത്തരത്തിൽ അധികം വരുന്ന തുക ഗുണഭോക്താവ് ACER ലാപ്ടോപ്പ് തെരഞ്ഞെടുക്കുകയാണെങ്കിൽ 2883 രൂപയും HP ആണെങ്കിൽ 2990 രൂപയും Lenovo ആണെങ്കിൽ 3000 രൂപയുമായിരിക്കും. ഈ അധിക തുക വായ്പാ കാലാവധിക്കുള്ളിൽ മൊത്തമായോ തവണകളായോ ഗുണഭോക്താവ് അടക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും അടക്കാത്ത ഗുണഭോക്താക്കളുണ്ടെങ്കിൽ കാലാവധി തീർന്ന ശേഷം 6 മാസം കൂടി അധിക തുക അടക്കാൻ അവർക്കു സമയം അനുവദിച്ചു കൊടുക്കാവുന്നതാണ്. എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം വിവിധ വിഭാഗങ്ങൾക്ക് അനുവദിച്ചു കിട്ടുന്ന സബ്സിഡി തുക (Ref Sl.No. 16) ലഭിക്കുന്ന മുറക്ക് ആയത് ഈ അധിക തുക / വായ്പയിലേക്കു വരവ് വെക്കേണ്ടതാണ്. ആശ്രയ കുടുംബങ്ങൾക്ക് കെ എസ് എഫ് ഇ നൽകുന്ന സബ്സിഡിയും (Ref Sl No.15 ) ഈ അധിക തുക / വായ്പയിലേക്കു വരവ് വെക്കേണ്ടതാണ്

4. പദ്ധതി പ്രകാരം ഗുണഭോക്താക്കൾ തെരഞ്ഞെടുക്കുന്ന കമ്പനിയുടെ ലാപ് ടോപ്പിന്റെ വിലയായിരിക്കും കെ.എസ്.എഫ്.ഇ അഡ്വാൻസായി അനുവദിക്കുന്ന തുക. (ഉദാഹരണമായി ഒരു ഗുണഭോക്താവ് LENOVO ബ്രാൻഡ് തെരഞ്ഞെടുക്കുകയാണെങ്കിൽ അഡ്വാൻസ് തുക 18000 രൂപയും എന്നാൽ COCONICS ബ്രാൻഡാണ് എടുക്കുന്നതെങ്കിൽ അഡ്വാൻസ് തുക 14990 രൂപയുമായിരിക്കും.)

5. എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും ഈ പദ്ധതിയിൽ ചേരാവുന്നതാണ്. അയൽക്കൂട്ടത്തിന്റെ പേരിൽ ആരംഭിക്കുന്ന സുഗമ അക്കൗണ്ടിലാണ് അംഗങ്ങൾ തവണ സംഖ്യകൾ അടയ്ക്കേണ്ടത് തുടർന്ന് സുഗമ അക്കൗണ്ടിൽ നിന്നും മൊത്തം തവണ സംഖ്യ GT മുഖേന KVS അക്കൗണ്ടിലേക്കു (CASBA യിൽ) മാറ്റേണ്ടതാണ്. വിദ്യാശ്രീ അപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ (CASBA സോഫ്റ്റ് വെയറുമായി ലിങ്ക് ഇല്ലാത്ത) തയ്യാറാകുന്ന മുറയ്ക്ക് തവണ സംഖ്യകൾ പ്രസ്തുത സോഫ്റ്റ്‌വെയറിലെ ഓരോ അംഗങ്ങളുടെയും വ്യക്തിഗത KVS അക്കൗണ്ടുകളിലേക്ക് അതാതു ദിവസം തന്നെ മാറ്റേണ്ടതാണ്. അത് വരെ സുഗമ അക്കൗണ്ടിൽ തന്നെ തവണ സംഖ്യകൾ അടക്കേണ്ടതാണ്

6. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി കേരള സർക്കാർ ഐ ടി വിഭാഗം ഒരു **web portal** വികസിപ്പിച്ചിട്ടുണ്ട്. ഈ **web portal** ന്റെ ഒരു ഡെമോ എല്ലാ കെ.എസ്.എഫ്.ഇ ശാഖകളിലെ ഉദ്യോഗസ്ഥർക്കും മേഖലാ വിദ്യാശ്രീ കോ-ഓർഡിനേറ്ററിനും (അക്കൗണ്ട്സ് മാനേജർ RO ) 05-02-2021, 11-02-2021 എന്നീ തിയ്യതികളിലായി നൽകിയിട്ടുണ്ട്. നാല് തലങ്ങളിലൂടെയാണ് ഈ പോർട്ടലിന്റെ പ്രവർത്തനം

   i. **കുടുംബശ്രീ CDS തലം** – ഗുണഭോക്താക്കളുടെ പ്രൊഫൈലും ലാപ് ടോപ്പ് ബ്രാൻഡ് തെരഞ്ഞെടുപ്പും CDS ആണ് എന്റർ ചെയ്യേണ്ടത്.

   ii. **കെ എസ് എഫ് ഇ ശാഖാതലം** – സുഗമ അക്കൗണ്ട് നമ്പർ , സുഗമ അക്കൗണ്ട് ആരംഭിച്ച തിയതി, 3 തവണ അടച്ചിട്ടുണ്ടോ എന്നീ കാര്യങ്ങളാണ് ശാഖാ തലത്തിൽ എന്റർ ചെയ്യേണ്ടത്

   iii. **കെ എസ് എഫ് ഇ മേഖലാ തലം** – പർച്ചേയ്സ് ഓർഡർ നൽകേണ്ടതും ഡെലിവറി നോട്ട്,ടാക്സ് ഇൻവോയ്സ്, റസീറ്റ് വൗച്ചർ, ഗുണഭോക്താക്കളുടെ ലിസ്റ്റ് എന്നിവ ജനറേറ്റ് ചെയ്യേണ്ടതും മേഖലാ തലത്തിലാണ്.

   iv. **OEM (Original Equipment Manufacturer) തലം** – പർച്ചേയ്സ് ഓർഡർ നൽകിയത് കാണുന്നതിനും അതിനു വേണ്ട ഇൻവോയ്സും ഡെലിവറി ചലാനും അപ്‌ലോഡ് ചെയ്യുന്നതും OEM തലത്തിലാണ്.

7. Web Portal ൽ ഡാറ്റ എന്റർ ചെയ്യുന്നതിന് താഴെ കൊടുത്തിട്ടുള്ള ലിങ്കിൽ ക്ലിക്ക് ചെയ്ത് ലോഗിൻ ചെയ്യേണ്ടതാണ്

URL : https://vidyashree.kerala.gov.in

ശാഖാ തലത്തിലുള്ള Username ഉം Password ഉം

User name - branch code@ksfe.com

Password - KSFE@123

മേഖലാ തലത്തിലുള്ള Username ഉം Password ഉം

User name - Regional email id

Password - reg@123

8. ഓരോ മേഖലാ ഓഫീസും പർച്ചേയ്സ് ഓർഡറുകൾ ലാപ്ടോപ്പ് പാനലിലുള്ള OEM നോ അല്ലെങ്കിൽ അവരുടെ അംഗീകൃത പാർട്ണർക്കോ ആഴ്ചയിലൊരിക്കലോ അല്ലെങ്കിൽ കുറഞ്ഞത് 100 യൂണിറ്റ് അല്ലെങ്കിൽ 100 ന്റെ ഗുണിതങ്ങൾ എന്ന രീതിയിലോ നൽകേണ്ടതാണ് . ജനറേറ്റ് ചെയ്ത ഓരോ പർച്ചേയ്സ് ഓർഡറും അതാത് മേഖല തലവന്മാർ ഒപ്പ് രേഖപ്പെടുത്തി അതാത് OEM നോ അല്ലെങ്കിൽ അവരുടെ അംഗീകൃത പാർട്ണർക്കോ താഴെ നൽകിയിട്ടുള്ള e-mail വഴി അയക്കേണ്ടതും അവയുടെ ഒരു പകർപ്പ് മേഖല ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

a. **Coconics** - manoj.t@coconics.com, sales@coconics.com

**b. Acer** - jayan.joseph@acer.com

**c. HP** - mathew.joshy@hp.com

**d. Lenovo** - lverghese@lenovo.com

9. OEM അല്ലെങ്കിൽ അംഗീകൃത പാർട്ണർ കെ.എസ്.എഫ്.ഇ മേഖലാ ഓഫീസുകളിൽ ലാപ്ടോപ്പ് ഡെലിവറി നടത്തുന്നതും അവിടെ നിന്നും ഗുണഭോക്താക്കൾക്കു കുടുംബശ്രീ വിതരണം ചെയ്യുന്നതുമാണ് . ലാപ് ടോപ് ഏറ്റെടുക്കുവാനായി കുടുംബശ്രീ അധികാരപ്പെടുത്തിയ വ്യക്തി അതിനു വേണ്ട അധികാരപത്രം അതാത് മേഖലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഈ വ്യക്തിയിൽ നിന്നും , ഗുണഭോക്താക്കൾക്ക് ഡെലിവറി ചെയ്യുന്ന ലാപ് ടോപ്പിന്റെ വിവരമടങ്ങിയ ലിസ്റ്റിൽ ( **web portal** വഴി ജനറേറ്റ് ചെയ്ത Brand-wise List of beneficiaries) ലാപ് ടോപ് കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തി അതാത് മേഖലാ ഓഫീസുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്

10. മേഖലാ ഓഫീസുകൾ Tax Invoice ന്റെ 4 കോപ്പിയും Delivery Note ന്റെ 3 കോപ്പിയും **web portal** വഴി ജനറേറ്റ് ചെയ്യേണ്ടതാണ്. തുടർന്ന് ആവശ്യമുള്ള ലാപ് ടോപ് നല്കുന്നതിനോടൊപ്പം താഴെ പറയുന്ന രേഖകൾ അധികാരപ്പെടുത്തിയ വ്യക്തിയെ ഏൽപ്പിക്കേണ്ടതുമാണ്:-

a. ഓരോ ഗുണഭോക്താക്കൾക്കുമുള്ള ഒറിജിനൽ Tax Invoice ഉം ആയതിന്റെ കുടുംബശ്രീക്കുള്ള കോപ്പിയും

b. Delivery Note ന്റെ 3 കോപ്പി. (3 കോപ്പിയിലും ഗുണഭോക്താവിന്റെ ഒപ്പ് രേഖപ്പെടുത്തി ഒരു കോപ്പി കുടുംബശ്രീ സൂക്ഷിക്കേണ്ടതും 2 കോപ്പി അതാത് മേഖലാ ഓഫീസുകളിൽ തിരിച്ചേൽപ്പിക്കേണ്ടതുമാണ്)

11. Tax Invoice ന്റെ ഒരു കോപ്പി HO (Taxes) ഉം ഒരു കോപ്പി മേഖലാ ഓഫീസും, ഗുണഭോക്താവിന്റെ ഒപ്പ് രേഖപ്പെടുത്തിയ Delivery Note ന്റെ ഓരോ കോപ്പി വീതം HO (Taxes) ഉം മേഖലാ ഓഫീസും സൂക്ഷിക്കേണ്ടതാണ്. Tax Invoice ന്റെയും Delivery Note ന്റെയും കോപ്പികൾ മേഖലാ ഓഫീസുകൾ രണ്ടാഴ്ചയിലൊരിക്കൽ എന്ന രീതിയിൽ HO (Taxes) ലേക്ക് അയച്ച് കിട്ടിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

12. ഓരോ മേഖലാ ഓഫീസും പദ്ധതി നിർവ്വഹണത്തിനായി <u>പ്രത്യേകം ബാങ്ക് അക്കൗണ്ട്</u> H.O. അനുമതിയോടെ ആരംഭിക്കേണ്ടതാണ്. ബന്ധപ്പെട്ട മേഖലാ ഓഫീസുകൾ അവരുടെ കീഴിൽ വരുന്ന ശാഖകളിൽ വിതരണം ചെയ്തിട്ടുള്ള ലാപ് ടോപ്പുകളുടെ Invoice തുകയുടെ 90% ഈ അക്കൗണ്ടിൽ നിന്നും ഡെലിവറി തിയതി മുതൽ 30 ദിവസത്തിനകം OEM / അംഗീകൃത പാർട്ണർക്കു നൽകേണ്ടതാണ്. OEM/അംഗീകൃത പാർട്ണർ ആകെ Purchase Order തുകയുടെ 5% PBG (Performance Bank Guarantee) ബന്ധപ്പെട്ട മേഖലാ ഓഫീസിനു നൽകുന്ന മുറക്ക് മേഖലാ ഓഫീസുകൾ ബാക്കിയുള്ള 10% തുക ( ഡെലിവറി ചെയ്യുന്നതിൽ കാലതാമസം വരികയാണെങ്കിൽ കരാർ പ്രകാരമുള്ള പെനാൽറ്റി തുക കുറച്ചതിനു ശേഷം) 30 ദിവസത്തിനകവും നൽകേണ്ടതാണ്. PBG യുടെ കാലാവധി ഡെലിവറി തിയതി മുതൽ 40 മാസമുണ്ടായിരിക്കണം.

13. നിലവിൽ പദ്ധതിയിൽ അംഗങ്ങളായി ചേരുകയും കുടിശ്ശിക വരുത്തുകയും ചെയ്തിട്ടുള്ളവർക്കു മൂന്നു തവണ വരെയുള്ള കുടിശ്ശിക സംഖ്യ ഒന്നിച്ചടച്ച് ലാപ്ടോപ്പ് കൈപ്പറ്റാവുന്നതാണ്. ലാപ്ടോപ്പ് കൈപ്പറ്റിയ ശേഷം കുടിശ്ശിക വരുത്തിയാൽ ഓരോ മാസവും തവണ സംഖ്യയിന്മേൽ 12 % പിഴപ്പലിശ ഈടാക്കുന്നതാണ്. മുടക്കം കൂടാതെ അടക്കുന്നവർക്കുള്ള 3 തവണ ഇളവ് സൂചന 1 സർക്കുലറിൽ പറയുന്നത് പോലെ നൽകാവുന്നതാണ്.

14. നിലവിൽ പദ്ധതിയിൽ അംഗമായിട്ടില്ലാത്ത അയൽക്കൂട്ടത്തിലെ മറ്റു അംഗങ്ങൾക്കും അയൽക്കൂട്ടത്തിന്റെ നിലവിലുള്ള സുഗമ അക്കൗണ്ടിൽ തന്നെ 3 തവണ സംഖ്യകൾ ഒന്നിച്ചോ തവണകളായോ അടച്ച് പദ്ധതിയിൽ ചേരാവുന്നതാണ്. <u>ഇത്തരത്തിൽ പുതിയതായി ചേരുന്ന അംഗങ്ങൾക്ക് 3 മാസം കഴിയുന്ന മുറക്ക് ലാപ്ടോപ്പിന് അർഹതയുണ്ടായിരിക്കുന്നതാണ്.</u>

15. ആശ്രയ കുടുംബങ്ങൾക്ക് ലാപ്ടോപ്പ് വിലയുടെ 50% (പരമാവധി 7500/-രൂപ) സർക്കാർ സബ്സിഡി അനുവദിക്കുന്നതാണ്. ഇതിനായി ആശ്രയ കുടുംബങ്ങളുടെ വിവരങ്ങളടങ്ങിയ ലിസ്റ്റ് കുടുംബശ്രീയിൽ നിന്നും കൈപ്പറ്റേണ്ടതാണ്. CMDRF ൽ നിന്നും സർക്കാർ കെ.എസ്.എഫ്.ഇ ക്കു തിരികെ നൽകിയ 30 കോടി രൂപയും കെ എസ് എഫ് ഇ CSR ഫണ്ടിലേക്ക് മാറ്റിയ 1 കോടി രൂപയുമുൾപ്പെടെ മൊത്തം 31 കോടി രൂപയിൽ നിന്നും "ആദ്യം വരുന്നവർക്ക് ആദ്യം (First come first serve)"എന്ന രീതിയിലാണ് സബ്സിഡി തുക അനുവദിക്കുന്നത്.

16. ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സബ്സിഡി തുകയും (ലാപ്ടോപ്പ് വിലയുടെ 25% പരമാവധി 3750/- രൂപ) പട്ടികജാതി/പട്ടികവർഗ്ഗകുടുംബങ്ങൾ, മത്സ്യബന്ധനകുടുംബങ്ങൾ, അന്ത്യോദയകുടുംബങ്ങൾ അതുപോലെ അർഹരായവർ എന്നിവർക്ക് വിവിധ വകുപ്പുകളിൽ നിന്നും സബ്സിഡി ലഭിക്കുന്ന മുറയ്ക്ക് കുടുംബശ്രീ യൂണിറ്റ് മേൽ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി അതാതു അംഗങ്ങളുടെ അക്കൗണ്ടിൽ അടക്കേണ്ടതാണ്.

17. ലാപ്ടോപ്പ് സർവ്വീസും വാറന്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുടുംബശ്രീയും, OEM / അംഗീകൃത പാർട്ണറുമാണ് നടപ്പാക്കുന്നത്. <u>അതിനായി ആവശ്യമായിട്ടുള്ള ട്രെയിനിംഗ് OEM തെരെഞ്ഞെടുത്ത കുടുംബശ്രീ അംഗങ്ങൾക്കു</u> നൽകുന്നതാണ്.

18. അഡ്വാൻസ് തുക നൽകുമ്പോൾ ശാഖാ തലത്തിൽ ഓരോ അയൽക്കൂട്ടത്തിനും ഒരു ത്രികക്ഷി കരാർ (കെ.എസ്.എഫ്. ഇ , അയൽക്കൂട്ടം , ഗുണഭോക്താവ് ) ഹെഡ് ഓഫീസ് തയ്യാറാക്കി നൽകിയിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ അയൽക്കൂട്ടത്തിന്റെ പേരിൽ വാങ്ങിയ 200 രൂപ മുദ്രപത്രത്തിൽ execute ചെയ്യേണ്ടതാണ്. ഈ കരാറിൽ അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങളും പദ്ധതിയിൽ അംഗമല്ലെങ്കിൽ പോലും കക്ഷി ചേർന്ന് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. അയൽക്കൂട്ടത്തിനു തവണ തിരിച്ചടവിൽ കൂട്ടുത്തരവാദിത്തം ഉള്ളതിനാലാണ് എല്ലാവരും കക്ഷിയാകുന്നത്. കൂടാതെ ലാപ്ടോപ്പ് നൽകുമ്പോൾ ഓരോ ഗുണഭോക്താവിൽ നിന്നും ഒരു പ്രോമിസ്സറി നോട്ട് ഒപ്പിട്ടു വാങ്ങിക്കേണ്ടതാണ്.

19. ഓരോ അംഗങ്ങളും അഡ്വാൻസ് തുക അനുവദിച്ചതിനു ശേഷം പ്രതിമാസ തിരിച്ചടവ് നടത്തുന്നുണ്ടെന്ന് ശാഖാ മാനേജർ ഉറപ്പാക്കേണ്ടതാണ്. പ്രതിമാസ തവണ മുടങ്ങുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അയൽക്കൂട്ടത്തിനെയും അംഗത്തേയും വിവരമറിയിച്ച് തിരിച്ചടവ് ഉറപ്പാക്കേണ്ടതാണ്.

20. പദ്ധതിയിലേക്കുള്ള പ്രതിമാസ തവണ സംഖ്യ എല്ലാ അംഗങ്ങൾക്കും വേണ്ടി അയൽക്കൂട്ടമാണ് അടക്കേണ്ടത്. ഈ തുകക്ക് 2% കമ്മീഷൻ അയൽക്കൂട്ടത്തിനു എല്ലാ മാസാവസാനവും നൽകേണ്ടതാണ്. ബന്ധപ്പെട്ട അയൽക്കൂട്ടത്തിന്റെ സുഗമ അക്കൗണ്ടിലേക്കാണ് ഈ തുക അക്കൗണ്ട് ചെയ്യുക

21. ഈ സർക്കുലറിനോടൊപ്പം താഴെ പറയുന്ന രേഖകൾ / മാതൃകകൾ അനുബന്ധമായി നല്കിയിട്ടുണ്ട് :

a) Tripartite Agreement( to be signed by Beneficiary, Kudumbasree and KSFE)

b) Performance Bank Guarantee( Given by OEM / OEM's Authorized Partner to RO concerned)

c) Tax Invoice ( to be generated through Web Portal)

d) Delivery Note ( to be generated through Web Portal)

e) Brand-wise list of beneficiaries ( to be generated through Web Portal)

f) Receipt Voucher ( to be generated through Web Portal)

പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അക്കൗണ്ടിംഗ് നടപടിക്രമങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

I. **മേഖലാ തലത്തിൽ അക്കൗണ്ട് ചെയ്യേണ്ടത്**

**മേഖലാ ഓഫീസുകൾ OEMS ന് ലാപ് ടോപ്പിനായി ചെക്ക് നൽകുമ്പോൾ**

ROC (KVS)A/c Dr
To Bank A/c
( Debit note to be sent to branches concerned)

ii. **ശാഖാ തലത്തിൽ അക്കൗണ്ട് ചെയ്യേണ്ടത്**

1. **A. ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് നൽകുന്ന സമയത്ത്**

**RO മുഖേന പേയ്മെന്റ് നൽകുമ്പോൾ** : (Journal Voucher)

KVS A/c Dr
To ROC (KVS) A/c
(Debit note from RO Accounted)

2. **അയൽക്കൂട്ടത്തിന്റെ പേരിലുള്ള സുഗമഅക്കൗണ്ടിൽ നിന്നും KVS അക്കൗണ്ടിലേക്ക് തവണ സംഖ്യ മാറ്റുമ്പോൾ ( GT വഴിയാണ് ഓരോ സുഗമ അക്കൗണ്ടിൽ നിന്നും KVS അക്കൗണ്ടിലേക്ക് അതാത് ദിവസം തന്നെ മാറ്റേണ്ടത്)**

Sugama A/c Dr
To KVS A/c
To Default interest on KVS (if any)

3. **സർക്കാരിൽ നിന്നും ലഭിക്കുന്ന 50% സബ്സിഡി KVS അക്കൗണ്ടിലേക്ക് അക്കൗണ്ട് ചെയ്യുമ്പോൾ** (KSFE ഇതിനായി മാറ്റി വെച്ചിരിക്കുന്ന 31 കോടി രൂപയിൽ നിന്നുമാണ് സബ്സിഡി അനുവദിക്കുന്നത് )

HOC (KVS) A/c Dr
To KVS A/c
( Debit Note to be sent to HO Central Accounts)

4. **തദ്ദേശ വകുപ്പിൽ നിന്നും സബ്സിഡി ലഭിക്കുമ്പോൾ**

Cash/Bank A/c Dr
To Subsidy receivable from LSGB A/c(25%)

5. **തദ്ദേശ വകുപ്പിൽ നിന്നും ലഭിച്ച സബ്സിഡി അക്കൗണ്ട് ചെയ്യുമ്പോൾ (ഒരു അംഗത്തിന്)**

Subsidy receivable from LSGB A/c Dr
To KVS A/c

6. **കുടുംബശ്രീക്ക് ഡോർ കളക്ഷൻ കമ്മീഷൻ നൽകുമ്പോൾ**

Door Collection Commission (KVS) A/c Dr
To Sugama Account

7. **കൃത്യമായി മാസത്തവണകൾ അടയ്ക്കുന്നവർക്ക് ഇൻസെന്റീവ് നൽകുമ്പോൾ (10 നും 20 നും തവണകൾക്ക് മാത്രം)**

Incentive for KVS A/c Dr
To KVS A/c

8. **തവണ സംഖ്യകൾ കൃത്യമായി അടക്കുന്ന അംഗങ്ങൾക്ക് തുടർന്ന് വരുന്ന പുതിയ സമാന പദ്ധതിയിൽ ആദ്യ തവണ ഇളവ് അനുവദിക്കുമ്പോൾ (മൂന്നാമത്തെ ഇൻസെന്റീവ് )**

Incentive to KVS A/c Dr
To KVS (New Scheme) A/c

## ഹെഡ് ഓഫീസ് തലത്തിൽ അക്കൗണ്ട് ചെയ്യേണ്ടത്

**സർക്കാർ സബ്സിഡി അക്കൗണ്ട് ചെയ്യുമ്പോൾ**

KVS Fund A/c Dr
To HOC (KVS) A/c
(Debit Note from Branches Accounted)

**പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ അക്കൗണ്ട് ഹെഡും കോഡ് നമ്പറും**

1. KVS A/c (3050)
2. Interest on KVS A/c (333)
3. Door Collection Commission (KVS) A/c (446)
4. Default Interest on KVS A/c (336)
5. Incentive for KVS A/c (447)
6. Subsidy receivable from Government A/c (1614)
7. Subsidy receivable from LSGB A/c (1622)
8. HOC (KVS) A/c (3054)
9. Interest on Deposit KVS A/c (451)
10. KVS (New Scheme) A/c (3056)
11. KVS Fund A/c (1623)
12. ROC(KVS) A/c (3058)

**സംശയങ്ങൾക്ക് ബന്ധപ്പെടാവുന്ന നമ്പറുകൾ: 9447798028 (IT), 9447970760, 9447797796, 9447798001,(A/cs)**

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി**
**മാനേജിംഗ് ഡയറക്ടർ**

**To:-** എല്ലാ ശാഖാ തലവന്മാർക്കും

| | | | |
|---|---|---|---|
| 1. | എല്ലാ മേഖലാ ഓഫീസുകൾക്കും | | ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും |
| 3. | എല്ലാ IAD ടീമുകൾക്കും/ പ്രിവന്റീവ് വിജിലൻസ് സ്കാഡുകൾക്കും | 4. | സർക്കുലർ ഫയൽ |
| 5. | MD യുടെ PA | 6. | എല്ലാ SDT ഓഫീസുകൾക്കും |

(200/- രൂപയുടെ മുദ്രപത്രത്തിൽ)

**കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി കരാർ**

തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ വില്ലേജിലെ, ചെമ്പൂക്കാവിൽ സ്ഥിതിചെയ്യുന്ന കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിനുവേണ്ടി അതിന്റെ---------------------------- ശാഖാ മാനേജർ ശ്രീ ഒന്നാം നമ്പറുക്കാരനായും ജില്ല ----------------താലൂക്ക്,---------------------------വില്ലേജിലെ-------------- നമ്പർ------------------------------------------------------(അയൽക്കൂട്ടത്തിന്റെപേര്) അയൽക്കൂട്ടത്തിനുവേണ്ടി അതിന്റെ പ്രസിഡണ്ട് ശ്രീ--------------------------------രണ്ടാം നമ്പറുകാരിയായും അതിന്റെ സെക്രട്ടറി ശ്രീ -------------------------------------- മൂന്നാം നമ്പറുകാരിയായും----------------- -------------------------അയൽക്കൂട്ടത്തിലെ അംഗങ്ങളായ

4. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
5. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
6. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
7. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
8. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
9. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
10. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
11. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
12. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
13. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
14. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
15. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)
16. -----------------ജില്ല--------------------താലൂക്ക്,------------------- വില്ലേജ്, ------------------------വീട്ടിൽ-----------------------മകൾ--------- വയസ് ------------------------------(അംഗത്തിന്റെ പേര്)

17. ------------------ജില്ല---------------------താലൂക്ക്,-------------------- വില്ലേജ്,
------------------------വീട്ടിൽ-------------------------മകൾ---------- വയസ്
------------------------------(അംഗത്തിന്റെ പേര്)

18. ------------------ജില്ല---------------------താലൂക്ക്,-------------------- വില്ലേജ്,
------------------------വീട്ടിൽ-------------------------മകൾ---------- വയസ്
------------------------------(അംഗത്തിന്റെ പേര്)

19. ------------------ജില്ല---------------------താലൂക്ക്,-------------------- വില്ലേജ്,
------------------------വീട്ടിൽ-------------------------മകൾ---------- വയസ്
------------------------------(അംഗത്തിന്റെ പേര്)

20. ------------------ജില്ല---------------------താലൂക്ക്,-------------------- വില്ലേജ്,
------------------------വീട്ടിൽ-------------------------മകൾ---------- വയസ്
------------------------------(അംഗത്തിന്റെ പേര്)

21. ------------------ജില്ല---------------------താലൂക്ക്,-------------------- വില്ലേജ്,
------------------------വീട്ടിൽ-------------------------മകൾ---------- വയസ്
------------------------------(അംഗത്തിന്റെ പേര്)

22. ------------------ജില്ല---------------------താലൂക്ക്,-------------------- വില്ലേജ്,
------------------------വീട്ടിൽ-------------------------മകൾ---------- വയസ്
------------------------------(അംഗത്തിന്റെ പേര്)

23. ------------------ജില്ല---------------------താലൂക്ക്,-------------------- വില്ലേജ്,
------------------------വീട്ടിൽ-------------------------മകൾ---------- വയസ്
------------------------------(അംഗത്തിന്റെ പേര്)

4 മുതൽ ------ വരെ നമ്പറുകാർ കൂടി എഴുതി ഒപ്പിട്ട കരാർ.

ഇതിലെ ഒന്നാം നമ്പർ സ്ഥാപനമായ കെ.എസ്.എഫ്.ഇ കേരളത്തിലുംകേരളത്തിന് പുറത്തും ചിട്ടിയും അനുബന്ധ ബിസിനസ്സും. നടത്തുന്ന ഒരു സർക്കാർ ധനകാര്യ സ്ഥാപനമാണ്.

ഇതിലെ 2,3 നമ്പറുകാർ സംസ്ഥാന കുടുംബശ്രീ മിഷന്റെ കീഴിൽ സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടത്തിന്റെ പ്രസിഡണ്ടും, സെക്രട്ടറിയുമാണ്.
4 മുതൽ ---- വരെ നമ്പറുകാർ അതിലെ അംഗങ്ങളുമാണ്.

കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഓൺ ലൈൻ വിദ്യാഭ്യാസത്തിന് ആവശ്യമായ Coconics, Acer, HP, Lenovo എന്നീ നാലു കമ്പനികളുടെ 14990 രൂപ മുതൽ 18000 രൂപ വരെ വിലയുള്ള ലാപ് ടോപ് വാങ്ങുന്നതിനു പണം ലഭ്യമാക്കുന്നതിനായി കുടുംബശ്രീ മിഷനുമായി ചേർന്ന് കെ.എസ്.എഫ്.ഇ വിദ്യാശ്രീ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

പ്രസ്തുത ധാരണാപത്രത്തിലെ ധാരണയുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ചെറിയ വരുമാനം ഉള്ള കുടുംബശ്രീ അംഗങ്ങൾക്കുപോലും ചേരാവുന്ന തരത്തിൽ താരതമ്യേന കുറഞ്ഞ തുകയായ 500/- രൂപ വീതം 30 മാസം കൊണ്ട് അവസാനിക്കുന്ന 15000/- രൂപ മുതൽ 18000/-രൂപ വരെ അടങ്കൽ തുക വരുന്ന പദ്ധതിയാണിത്.

പ്രസ്തുത പദ്ധതിയിൽ ചേർന്ന -------------------------- അയൽക്കൂട്ടം കെ.എസ്.എഫ്.ഇ ----------------------------------------ബ്രാഞ്ചിൽ സുഗമ അക്കൗണ്ട് നമ്പർ ------------ തുടങ്ങി ----------- രൂപ നിക്ഷേപിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുടർച്ചയായി 3 മാസം 500/- രൂപവീതമുള്ള തവണകൾ അടയ്ക്കുകയും പദ്ധതിയിലെ അംഗങ്ങൾക്ക് മേൽപറഞ്ഞ കമ്പനികളുടെ ഒരു ലാപ് ടോപ് വാങ്ങുന്നതിന് 14990/- രൂപ മുതൽ 18000/-രൂപ വരെയുള്ള തുക വീതം ഓരോ അംഗങ്ങൾക്കും വേണ്ടി ഒന്നാം കക്ഷി ഡീലർക്കു നൽകുവാനും ധാരണയായിട്ടുണ്ട്. 14990 രൂപയിൽ അധികം വിലയുള്ള ലാപ്ടോപ്പ് വാങ്ങുമ്പോൾ വരുന്ന അധിക തുക കാലാവധി തീരുന്നതിനു മുൻപ്

അംഗങ്ങൾ തിരിച്ചടക്കുന്നതാണ്. അത്തരത്തിൽ തിരിച്ചടക്കാത്ത ഗുണഭോക്താക്കളുണ്ടെങ്കിൽ കാലാവധിക്കു ശേഷം 6 മാസത്തിനുള്ളിൽ ഈ അധിക തുക ഒന്നിച്ചോ തവണകളായോ തിരിച്ചടക്കുന്നതാണ്. അപ്രകാരം ------------------- അയൽക്കൂട്ടത്തിലെ അംഗങ്ങളായ 4 മുതൽ ------- വരെ നമ്പറുകാർ 14990/- രൂപ മുതൽ 18000/- രൂപ വീതം കൈപ്പറ്റിയിരിക്കുന്നു.

ഈ പദ്ധതിയിൽ ചേർന്ന് 14990/- രൂപ മുതൽ 18000/-രൂപ വരെയുള്ള സംഖ്യ കൈപ്പറ്റി ലാപ് ടോപ് വാങ്ങിയ ശേഷം ഇതിലെ 4 മുതൽ ------- വരെ നമ്പറുകാരിൽ ആരെങ്കിലും തുടർന്നുള്ള ബാധ്യത തുക ഒന്നിച്ച് അടച്ച് തീർക്കാൻ താൽപര്യപ്പെട്ട് മുന്നോട്ട് വന്നാൽ ആയത് പരിഗണിച്ച് പണം സ്വീകരിച്ച് ഒന്നാം നമ്പർ സ്ഥാപനം അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

-------------------അയൽക്കൂട്ടത്തിലെ അംഗങ്ങൾ നൽകുന്ന തുക സ്വരൂപിച്ച് ഓരോ മാസവും ----------- തിയ്യതിയോ അതിനു മുൻപോ ഓരോ അംഗത്തിൽ നിന്നും 500 രൂപ വീതം പദ്ധതി അവസാനിക്കുന്നതുവരെ ------------------------ അയൽക്കൂട്ടത്തിനുവേണ്ടി അതിന്റെ സെക്രട്ടറി കെ .എസ്.എഫ്.ഇ -----------------ശാഖയിൽ അടച്ച് രശീത് കൈപ്പറ്റേണ്ടതാണ്.

പ്രതിമാസ തവണ അടയ്ക്കുന്നതിൽ വീഴ്ചയുണ്ടായാൽ ഒന്നാം നമ്പർ സ്ഥാപനം അയൽക്കൂട്ടത്തെയും അംഗങ്ങളേയും നേരിട്ടും രേഖാമൂലവും അറിയിക്കേണ്ടതാണ്. എന്നിട്ടും കുടിശ്ശിക നിലനിൽക്കുകയാണെങ്കിൽ ബന്ധപ്പെട്ട ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റിയേയോ (ADS), കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയേയോ (CDS) അറിയിയ്ക്കേണ്ടതാണ്. എന്നിട്ടും കുടിശ്ശിക തീർക്കാത്തപക്ഷം ഒന്നാം നമ്പർ സ്ഥാപനത്തിന് ---------------------- അയൽക്കൂട്ടത്തിനെതിരെയും അംഗങ്ങളായ-----മുതൽ-----വരെ നമ്പറുകാർക്കെതിരെയും ഒറ്റയ്ക്കും കൂട്ടായും റവന്യൂ റിക്കവറി അടക്കമുള്ള നിയമനടപടികൾ സ്വീകരിയ്ക്കാവുന്നതാണ്.

ലാപ്ടോപ്പ് കൈപ്പറ്റിയ ശേഷം തവണ സംഖ്യ അടയ്ക്കുന്നതിൽ മുടക്കം വരുത്തിയാൽ തവണ സംഖ്യയിന്മേൽ 12 ശതമാനം പിഴപലിശ കുടിശ്ശിക അടയ്ക്കുന്നത് വരെ അടയ്ക്കാൻ ഓരോ അംഗവും ബാധ്യസ്ഥയാണ്.

മുടക്കുതുകയും പലിശയും പിരിച്ചെടുക്കുന്നതിന് നിയമനടപടി സ്വീകരിയ്ക്കുന്നതിന്റെ ഭാഗമായി വരുന്ന എല്ലാ ചെലവുകളും -------------------------- അയൽക്കൂട്ടവും അംഗങ്ങളും ഒറ്റയ്ക്കും കൂട്ടായും വഹിയ്ക്കേണ്ടതാണ്.

ലാപ് ടോപ്പ് സർവ്വീസും വാറന്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുടുംബശ്രീയും OEM / അംഗീകൃത പാർട്ണറുമാണ് നടപ്പാക്കുന്നത്.

ഇപ്രകാരമെല്ലാം നിശ്ചയിച്ചും സമ്മതിച്ചും താഴെ പേരെഴുതിയ സാക്ഷികൾ മുൻപാകെ 1 മുതൽ ------ വരെ നമ്പറുകാർ ഇന്ന് 20--- ------------------ മാസം -------------- തിയ്യതി ഒപ്പ് വെച്ചിരിയ്ക്കുന്നു.

ഒന്നാം നമ്പറുകാരൻ/നമ്പറുകാരി

(കെ എസ് എഫ് ഇ ശാഖാ

മാനേജർ)

രണ്ടാം നമ്പറുകാരി

(പ്രസിഡണ്ട്, അയൽക്കൂട്ടം )

മൂന്നാം നമ്പറുകാരി

(സെക്രട്ടറി, അയൽക്കൂട്ടം )

നാലാം നമ്പറുകാരി

അഞ്ചാം നമ്പറുകാരി

ആറാം നമ്പറുകാരി

ഏഴാം നമ്പറുകാരി

എട്ടാം നമ്പറുകാരി

ഒമ്പതാം നമ്പറുകാരി

പത്താം നമ്പറുകാരി

പതിനൊന്നാം നമ്പറുകാരി

പന്ത്രണ്ടാം നമ്പറുകാരി

പതിമൂന്നാം നമ്പറുകാരി

പതിനാലാം നമ്പറുകാരി

പതിനഞ്ചാം നമ്പറുകാരി

പതിനാറാം നമ്പറുകാരി

പതിനേഴാം നമ്പറുകാരി

പതിനെട്ടാം നമ്പറുകാരി

പത്തൊമ്പതാം നമ്പറുകാരി

ഇരുപതാം നമ്പറുകാരി

ഇരുപത്തൊന്നാം നമ്പറുകാരി

ഇരുപത്തിരണ്ടാം നമ്പറുകാരി

ഇരുപത്തിമൂന്നാം നമ്പറുകാരി

**സാക്ഷികൾ**

1.
2.